# പറന്ന്

# പറന്ന്

# പറന്ന്



പി ടി ചാക്കോ മെമ്മോറിയൽ ഹൈസ്കൂൾ കുണ്ടുതോട്

# മുഖമൊഴി

വാക്കിന്റെ വർണ്ണക്കുടയുമായി കുണ്ടുതോട് ഹൈസ്ക്കൂളിലെ കുട്ടികൾ ഈ ആകാശത്ത്  അണിനിരക്കുന്നു. സ്വപ്നങ്ങളുടെ ഹരിത രേഖകളും ചിന്തകളുടെ അഗ്നിസ്ഫുലിംഗങ്ങളും കല്പനകളുടെ സ്പന്ദനപുഷ്പങ്ങളും ചിലപ്പോൾ അവയിലോരോന്നിലും കാണാൻ കഴിഞ്ഞേക്കാം. നേരിലേക്ക് തുറക്കുന്ന ഒരു മൂന്നാം കണ്ണ് ചിലപ്പോൾ ഇതിലെവിടെയോ പ്രകാശിക്കുന്നുണ്ടാകാം ...... യാത്ര തുടരൂ.........പറന്ന്.....പറന്ന്......പറന്ന്.....ഉയരങ്ങൾ താണ്ടി....



# പറന്ന്
# പറന്ന്
# പറന്ന്



## സ്കൂൾ മാഗസിൻ ലിറ്റിൽ കൈറ്റ്സ്

### പത്രാധിപസമിതി

അഭിരാജ്
നെഹാൻ റിൻ
ആൽവിൻ സോമി
ലിയോൺ മാത്യു
അതുൽരാജ് വി ആർ

### അധ്യാപക പ്രതിനിതികൾ

ബിനു ഡി എടയന്ത്രം
ബീന പി

### കവർ പേജ്

ജോഷ്വ ജെസ് ജോസഫ് (ഫാബ്രിക് പെയിന്റിംഗ് )

# ദളമർമ്മരങ്ങൾ

1. ഇനി ഈ പെണ്ണിൻ രക്ഷയെങ്ങനെ - ലേഖനം - അമൃതബാലൻ
2. കുണ്ടുതോട് - പ്രദേശിക ചരിത്രം -ജൊവാന ജിജി
3. കീ ചെയിൻ - മിനിക്കഥ - ജസ്ന രവീന്ദ്രൻ
4. മാന്ത്രിക പൂച്ച - ആസ്വാദനം - ദേവനന്ദ
5. യാത്രയുടെ ലഹരിയിൽ - യാത്രാവിവരണം - സായൂജ്യ കെ എസ്
6. ഭൂമിക്കൊരു കുട – കവിത - ശ്യാംലി ശശീന്ദ്രൻ
7. കാത്തിരിപ്പിന്റെ അവസാനം - കഥ- അലീന പ്രകാശ്
8.എന്റെ പ്ലാവ് - അനുഭവം -ബിബിൻ ബിജു
9. ഗുരു - കവിത - ഡീൻ ട്രീസ
10. മുറ്റത്തെ കിളിക്കൂട് - ആദിത്യ എ – കഥ
11.മുറ്റത്തെ കിളിക്കൂട് - ആദിത്യ എ – കഥ
11. ചക്കരമാവ് പൂക്കും കാലം-കഥ ശിവാനി കെ എം
12. Feel the dream - poem - R Asin Alice
13. The fourth Industrial Revolution - Article - R Asin Alice
21. സാമൂഹിക മാധ്യമങ്ങളും കുട്ടികളും -ലേഖനം - തേജലക്ഷ്മി
14. അച്ഛനൊരു കത്ത് - സമകാലിക ചിന്തകൾ - ശ്യാംലി ശശീന്ദ്രൻ
15 അരുത് - കവിത – ഡീൻ ട്രീസ



# Editorial



പ്രകൃതി മനോഹാരിതയുടെ വർണ്ണപ്പകിട്ട്, കുടിയേറ്റത്തിന്റെ വീര സ്മരണകൾ ഇവയെല്ലാം കുണ്ടുതോട് നെഞ്ചേറ്റിയിരിക്കുന്നു. ചുറ്റുമുള്ളവർക്ക് പ്രകാശം പരത്താൻ ഭേദചിന്തകളില്ലാതെ ഒരു കൂട്ടം മനുഷ്യർ നടത്തിയ ത്യാഗപൂപൂർണ്ണമായ സ്വയം സമർപ്പണത്തിന്റെ കഥകൂടിയാണ് ഇന്നത്തെ കുണ്ടുതോട് ഹൈസ്കൂളിന്റെ ചരിത്രം. ഈ നന്മമരം നാല്പതു വർഷങ്ങൾ പിന്നിടുന്ന  അവസരത്തിൽ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ  സവിനയം  ഈ വർഷികപ്പതിപ്പ് നിങ്ങൾക്കു മുന്നിൽ സമ്ർപ്പിക്കുകയാണ്.പറന്ന് പറന്ന് പറന്ന് ഉയരങ്ങൾ കീഴടക്കുമ്പോഴും ദേശത്തിന്റെ നന്മനിറഞ്ഞ ചരിത്രത്തിനു മുന്നിൽ നമുക്ക് വിനയാന്വിതരാകാം.



എല്ലാവർക്കും നന്ദി

എഡിറ്റർ

ലിറ്റിൽ കൈറ്റ്സ്

പി ടീ സി എം എച്ച് എസ് കുണ്ടൂതോട്

# ഇനി ഈ പെണ്ണിൻ രക്ഷയെങ്ങനെ ?

**അമൃത ബാലൻ 10 ബി**



**ഇന്ന് സമൂഹം നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ് സ്ത്രീസുരക്ഷ. സ്ത്രീയുടെ മാനം പിച്ചി ചീന്താൻ കാത്തിരിക്കുന്ന കഴുകൻ കണ്ണുകൾക്കെതിരെ രൂക്ഷവിമർശനത്തിന്റെ ശരങ്ങൾ തൊടുത്തുവിടുന്നതിനോടൊപ്പം സ്ത്രീ സ്വയം തകർത്തെറിയുന്ന അവളുടെ അഭിമാനത്തെ കുറച്ചുകൂടി മനസ്സിരുത്തി ചിന്തിക്കേണ്ടത് അനിവാര്യതയാണ്.**


**പുതിയ കാലത്ത് പുരുഷകേന്ദ്രീകൃത സമൂഹത്തിൽ വളർന്നുവരുന്ന ഉപഭോഗ, സുഖഭോഗ സംസ്കാരം അനുസരിച്ച് ജീവിതം സുഖിക്കാനുള്ളതും സ്ത്രീശരീരം അതിനുള്ള മാധ്യമവുമാണ്. കുടുംബത്തിലും സമൂഹത്തിലും സ്ത്രീക്ക് അർഹമായ സ്ഥാനവും അംഗീകാരവും നേടിയെടുക്കാൻവേണ്ടി രംഗത്തു വന്ന ഫെമിനിസം സ്ത്രീ വിഷയങ്ങളിൽ നടത്തിയ ശക്തമായ ഇടപെടൽ ആശാവഹംതന്നെ. ഭാരതീയ സംസ്കാരത്തിന്റെ മജ്ജയായി വിശേഷിപ്പിക്കുന്ന സുഭദ്ര കുടുബസങ്കല്പത്തെപ്പോലും തകിടം മറിച്ചുകൊണ്ട് സ്ത്രീയെ അണിയറയിൽ നിന്ന് അരങ്ങത്തേക്കു വ്വലിച്ചിറക്കികൊണ്ടു വന്നപ്പോൾ പല വേദികളിലും സ്ത്രിയൊരു പ്രദർശനവസ്തു മാത്രമായി മാറി. സ്ത്രീയ്ക്ക് വേണ്ടത് കേവലം കേവലം മുഷ്ടി ചുരുട്ടി മുറവിളികൂട്ടുകയും സ്ത്രീയെ പ്രദർശനവസ്തുവാക്കി വേദികൾ കളർഫുൾ ആക്കുകയും ചെയ്യുന്ന ഫെമിനിസം അല്ല. പച്ചയായ മനുഷ്യസ്ത്രീയെ മനസ്സിലാക്കുന്ന ഹ്യൂമനിസം അഥവാ മനുഷ്യത്വമാണ്.**






സ്വതന്ത്രവും സമാധാനപൂർണ്ണവുമായ സാഹചര്യത്തിൽ വളരാനും അറിവും കഴിവും സ്വായത്തമാക്കി കരുത്താർജ്ജിക്കാനും സ്ത്രീക്ക് പിന്തുണയും പിൻബലവുമായി കൂടെ നില്ക്കുന്ന മനുഷ്യത്വമുള്ള പുരുഷന്മാർ അടങ്ങുന്ന കുടുംബവും സമൂഹവും ആഡംബരത്തിന്റേയും ആഭരണത്തിന്റേയും ലോകത്തുനിന്ന് അറിവിന്റേയും അനുഭത്തിന്റേയും വിശാലമായ ലോകത്തേക്ക് അവളെ കൈപിടിച്ചുയർത്താൻ കഴിയുമ്പോളാണ് സ്ത്രീ ശാക്തീകരണം പൂർണ്ണമാകുക. ചുരുക്കത്തിൽ സ്ത്രീയൊരു പ്രദർശനവസ്തുവല്ല. സ്ത്രീശരീരം കമ്പോളവതക്കരിക്കപ്പെടുന്നത് തിരിച്ചറിഞ്ഞുകൊണ്ട് സ്ത്രീ അവളുടെ അന്തസ്സും കാത്തുസൂക്ഷിക്കാൻ തയ്യാറകുമ്പോൾ മാത്രമേ സ്ത്രീ സുരക്ഷയ്ക്ക വേണ്ടിയുള്ള സമൂഹത്തിന്റെ ശ്രമങ്ങൾ ഫലപ്രദമാകുകയുള്ളു അതല്ലാതെ പുരുഷാധിപത്യത്തിനെതിരെയുള്ള കേവലം മുറവിളികൾ കൊണ്ട് വേണ്ടത്ര പ്രയോജനം ഈ കാര്യത്തിൽ ഉണ്ടാകാൻ പോകുന്നില്ല.




A small body
of determined spirits
fired by an unquenchable faith
in their mission
can alter
the course of history.
Mahatma Gandhi


Study the past
if you would
define the future.
Confucius

പ്രാദേശിക ചരിത്രം



# കുണ്ടുതോട്

## ജോവാന ജിജി

തെക്ക് കിഴക്ക് ഭാഗത്ത് നീറ്റിക്കോട്,കുരുടൻ കടവ് മലയും വടക്കുപടിഞ്ഞാറുഭാഗത്ത് മാമ്പിലാട് കൊട്ടാറ,വട്ടിപ്പന മലയും ചേർന്ന് കോട്ടകളാൽ ചുറ്റപ്പെട്ട മലകളും താഴ്വാരങ്ങളും അടങ്ങുന്ന ഭൂമിയുടെ ഒരു മരതകച്ചാർത്താണ് കുണ്ടുതോട്. ആനക്കുളം കൊട്ടാറ മലകളെ തൊട്ടു തഴുകി ആർത്തുല്ലസിച്ച് മദിച്ച് വരുന്ന ഹനുമാൻതോടും വയനാടൻ മലനിരകളിൽനിന്ന് ഉൽഭവിച്ച് കുണ്ടുതോടിനും പശുക്കടവിനും ഇടയിലൂടെ ഒഴുകി കുറ്റ്യാടിയിൽ സംഗമിക്കുന്ന നിട്ടുവാൽ പുഴയും കുണ്ടുതോടിനെ മനോഹരമാക്കുന്നു നീർച്ചാലുകളാൽ ചുറ്റപ്പെട്ടിരിക്കുന്നകുണ്ടുതോടിനെ വെള്ളിക്കൊലുസ്സണിഞ്ഞ പെൺകിടാവെന്നപ്പോൾ സങ്കൽപ്പിക്കാവുന്നതാണ്

ഏറ്റവും ആദ്യം സ്ഥാപിതമായ കമ്പനിയാണ് പിയേഴ്സ് ലസ്ലി കമ്പനി. റബർ എസ്റ്റേറ്റ് ആയിരുന്നു അത്. എസ്റ്റേറ്റിന്റെ പല പണിക്കായി ധാരാളം ജോലിക്കാരും ഇതേ കമ്പനിയിൽ ജോലി ചെയ്തിരുന്നു. കമ്പനി ഇവിടെയുള്ളതിനാൽ കുണ്ടുതോട്ടിലേക്ക് യാത്ര ചെയ്യുക എന്നത് കുറച്ചു പ്രയാസപ്പെട്ട് കാര്യം തന്നെയായിരുന്നു. കമ്പനി കുണ്ടുതോട്ടിലേക്കുള്ള പ്രധാന വഴി ചങ്ങലയാൽ പൂട്ടിയിട്ടിരുന്നു. പൈസ അടച്ച് പാസ് വാങ്ങിയതിനുശേഷം മാത്രമാണ് ഇങ്ങോട്ട് യാത്രാനുമതി ലഭിച്ചിരുന്നത്.

കുണ്ടൂതോടിന്റെ ദേശ ചരിത്രത്തിൽ വളരെ നിർണായകമായ സംഭവമാണ് കേരളത്തിൻറെ മുൻ ആഭ്യന്തര മന്ത്രിയും പ്രമുഖ രാഷ്ട്രീയ നേതാവുമായ പി ടി ചാക്കോയുടെ അകാല നിര്യാണം. ദൗർഭാഗ്യകരമായ ആ

സംഭവം ഇവിടെയാണ് നടന്നത്. മലയോര താമസിച്ചിരുന്ന രണ്ടു കർഷകരുടെ ഭൂമി കച്ചവടത്തെ സംബന്ധിച്ച കേസ് വാദിക്കാനാണ് ബാക്കി അദ്ദേഹം തന്റെ സുഹൃത്തുക്കളെയും കൂട്ടി കുണ്ടുതോട്ടിലേക്ക് ജീപ്പ് കയറിയത്. മുൻ ആഭ്യന്തര മന്ത്രി ശ്രീ പി ടി ചാക്കോയുടെം ഇവിടേക്ക് എത്താനായി തന്റെ സ്വാധീനം ഉപയോഗിക്കേണ്ടി വന്നു. സ്ഥലം സന്ദർശിക്കാൻ പോകുംവഴി അദ്ദേഹത്തിന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയും തുടർന്ന് ആശുപത്രിയിലെത്തിക്കും വഴി മരണമടയുകയും ചെയ്തു..

അദ്ദേഹത്തിൻറെ ഓർമ്മയ്ക്കായി കുണ്ടുതോട് ഗ്രാമവാസികൾ ഒരു സ്മാരകം പണിയുകയും പിന്നീട് ആ സ്മാരകം പി ടി ചാക്കോ നഗർ എന്നെ അറിയപ്പെടുകയും ചെയ്തു. കുറച്ചുനാളുകൾക്ക് ശേഷം അദ്ദേഹത്തിൻറെ സ്മരണയ്ക്കായി ഒരു ഹൈസ്കൂളും സ്ഥാപിതമായി.

കേരളത്തിൻറെ പലഭാഗത്തുനിന്നും എത്തിയവർ കുടിയേറിപ്പാർത്ത പ്രദേശമാണ് കുണ്ടുതോട്.കുടിയേറ്റത്തിന്റെ ആദ്യനാളുകൾ ദുരിതപൂർണമായിരുന്നു.രോഗം ബാധിച്ചാൽ സ്വയംചികിത്സ മാത്രമേ മാർഗം ഉണ്ടായിരുന്നുള്ളൂ.. പ്രസവ ശുശ്രൂഷ നടത്തിയിരുന്നത് പേറ്റിച്ചി എന്നറിയപ്പെട്ടുന്ന സ്ത്രീ ആയിരുന്നു.വളരെ ദൂരം താണ്ടി കുറ്റ്യാടി യിലേക്ക് ചികിത്സയ്ക്കായി എത്തുന്നത് വളരെ പ്രയാസം തന്നെയായിരുന്നു. കുണ്ടുതോട്ടിൽ ഒരു ആശുപത്രിയുടെ ആവശ്യം തിരിച്ചറിഞ്ഞ് ഗ്രാമവാസികൾ അതിനായി പ്രയത്നിക്കുകയും ഒരു ഹെൽത്ത് സെൻറർ സ്ഥാപിതമാവുകയും ചെയ്തു.

പ്രാഥമിക വിദ്യാഭ്യാസത്തിനു പോലുമുള്ള സൗകര്യങ്ങൾക്ക് പ്രദേശവാസികൾ ആശ്രയിച്ചിരുന്നത് ഏറെ ദൂരെയുള്ള വിദ്യാലയങ്ങളെ ആയിരുന്നു. ഏറെദൂരം നടന്ന് സ്കൂളുകളിൽ എത്തേണ്ടതിനാൽ കുറച്ചു മുതിർന്നതിനു ശേഷം ആണ് കുട്ടികളെ സ്കൂളിൽ  അയച്ചിരുന്നത്. ഇവിടെത്തന്നെ ഒരു വിദ്യാലയം നാടിൻറെ വിദ്യാഭ്യാസ മുന്നേറ്റത്തിന് അത്യാവശ്യമാണ് എന്ന് പ്രദേശവാസികൾ മനസ്സിലാക്കി. വിദ്യാലയത്തിനുള്ള പ്രയത്നങ്ങൾ തുടങ്ങുന്നത് അവിടെ ഷീറ്റ് വലിച്ചുകെട്ടി ചെറിയ ഒരു മുറിയിൽ ആദ്യത്തെ ആരംഭിക്കുകയായി കുറച്ച് വിദ്യാർഥികളും രണ്ടോമൂന്നോ അധ്യാപകരും മാത്രമായിരുന്നു ആദ്യം ഉണ്ടായിരുന്നത്. പിൽക്കാലത്ത് സർക്കാർ സഹായത്തോടെ ഈ സ്കൂൾ മികച്ച സൗകര്യങ്ങളോടെ പുതിയ കെട്ടിടത്തിലേക്ക് മാറി നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു. യശശരീരനായ ശ്രീ പി.ടി ചാക്കോയുടെ സ്മരണാർത്ഥമാണ് ഹൈസ്കൂൾ സ്ഥാപിതമാകുന്നത് . വിദ്യാഭ്യാസ പ്രവാർത്തനങ്ങൾക്ക് എക്കാലവും സജിവ നേതൃത്വം നല്കുന്ന ക്രൈസ്തവ സമൂഹമാണ് സ്കൂൾ സ്കൂൾ നടത്തപ്പിന് നേതൃത്വം നല്കുന്നത്.

കേരളത്തിലെ സാമൂഹിക സാംസകാരിക മുന്നേറ്റങ്ങൾക്ക്  കുണ്ടുതോട്  എക്കാലവും കൈകോർത്തിരുന്നു. നാടിന്റെ നന്മയുടെ പക്ഷത്ത് ജാതി മത രാഷ്ട്രീയ വ്യത്യാസങ്ങളില്ലാതെ ഒരേ മനസ്സോടെ നിലയുറപ്പിക്കാൻ കഴിയുന്ന ഹൃദയവിശാലത ഓരേ കുണ്ടുതോടുകാരനും എന്നുമുണ്ട്.

ചരിത്രം തുടരുകയാണ്. കഴിഞ്ഞ അനേക വർഷത്തെ ചരിത്രം ഇവിടെ കുറിക്കുമ്പോൾ അനേകർ ഇവിടെ അലിഞ്ഞ് ചേർന്നിട്ടുണ്ട്. ഇന്ന് കുണ്ടുതോട് ഇത്രേം വികസിച്ചിരിക്കുന്നത് കാണുമ്പോൾ ഒരായിരം വ്യക്തികളുടെ കഠിനാധ്വാനവും വിയർപ്പും ഇതിലെ ഒലിച്ചിറങ്ങുന്നു

# കീചെയിൻ

ജസ്ന രവീന്ദ്രൻ

8 സി



സ്കൂളിൽ പോകാൻ ബസ് കാത്ത് നില്ക്കുമ്പോഴാണ് എന്റെ ബാഗിൽ ഞാൻ തൂക്കിയിട്ടിരുന്ന കീചെയിൻ നോക്കി അവൾ പുഞ്ചിരിച്ചത്.... ആരോടും മിണ്ടാതെ ബസ്സ്‌സ്റ്റോപ്പിന്റെ ഒരു മൂലക്ക് മാറി നില്ക്കുന്ന അവളെ ഞാൻ ശ്രദ്ധിക്കാൻ തുടങ്ങിയത് ഈയടുത്താണ്, കാരണം എന്നെക്കാണുമ്പോൾ മാത്രമെ അവളുടെ മുഖത്ത് പുഞ്ചിരി വിടരാറുള്ളൂ. എന്ന് പറഞ്ഞത് എന്റെ ഫ്രണ്ട്സ്സാണ്. അതിൽപ്പിന്നെ ഞാനും അവളെ ശ്രദ്ധിച്ചുതുടങ്ങി. ശരിയായിരുന്നു അവർ പറഞ്ഞത് .എന്നെ കാണുമ്പോൾ അവളുടെ മുഖത്ത് ഒരു കുഞ്ഞുപുഞ്ചിരി വിടരാറുണ്ടായിരുന്നു. അപ്പോൾ അവളുടെ കവിളത്തൊരു നുണക്കുഴി തെളിഞ്ഞുവരും. അതെനിക്ക് ഒത്തിരി ഇഷ്ടമായിരുന്നു. അവളുടെ പേര് ജാനകി എന്നറിയാമായിരുന്നെങ്കിലും ഒരിക്കൽ അവളോട് പേരു ചോദിച്ചു .ഒന്നും മിണ്ടാതെ അവൾ മാറിനിന്നപ്പോൾ കൂടെയുണ്ടായിരുന്ന കൂട്ടുകാരെല്ലാം എന്നെ കളിയാക്കിയത് കുറച്ചൊന്നുമായിരുന്നില്ല എന്നെ ദ്വേഷ്യം പിടിപ്പിച്ചത് .അതിൽപ്പിന്നെ ഞാൻ അവളെ നോക്കാതായി എന്നാലും അവൾ എന്നെ നോക്കുന്നുണ്ട്. അങ്ങനെയിരിയാണ് അവൾ എന്നോട് കീചെയി ചോദിച്ചത്





# മാന്ത്രികപൂച്ച

ദേവനന്ദ എം പി


*മലയാളത്തിൽ അനുഭവങ്ങളുടെ വൻകര സൃഷ്ടിച്ച എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ*


*ബഷീറിന്റെ മാന്ത്രികപൂച്ച എന്ന നോവലിന് ദേവനന്ദ എഴുതിയ ആസ്വാദനക്കുറിപ്പ്*

പ്രവാചകനെന്ന് അർത്ഥം വരുന്ന 'ബഷീർ' എന്ന വാക്കിനെ അന്വർത്ഥമാക്കുന്ന രീതിയിൽ മലയാള സാഹിത്യത്തിലെ പ്രവാചക ശബ്ദമായി, നന്മയുടെയും സഹജീവിസ്നേഹത്തിന്റേയും സുവിശേഷവുമായി കഥയുടെ ഈ സുൽത്താൻ നമ്മുടെ ഈ ദേശത്ത് ജീവിച്ചിരുന്നു എന്നതു തന്നെ ഒരു മാഹാഭാഗ്യമായി ഞാൻ കരുതുന്നു.

കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ കായി അബ്ദുറഹ്മാന്റെയും കുഞ്ഞാച്ചുമ്മയുടേയും മൂത്തമകനായി ബഷീർ 1908 ജനവരി 20 ന് മുഹമ്മദ് ബഷീർ ജനിച്ചു. തലയോലപ്പറമ്പിലെ മലയാളം സ്കൂളിലും വൈക്കത്തെ സ്കൂളിലും വിദ്യാഭ്യാസം. ഫിഫ്ത്ത് ഫോറത്തിൽ വിദ്യാർത്ഥിയായിരിക്കെ വീട്ടിൽനിന്ന് ഒളിച്ചുപോയി ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിൽശിക്ഷ വരിച്ചു.

അതിലോലവും സാധാരണവുമായ ജീവിത സന്ധികളിൽ നിന്ന് മനുഷൻ എന്ന അഗാധസങ്കീർണ്ണതയെ ഒന്നുമറിയാത്ത ഭാവത്തിൽ നിഷക്കളങ്കമായി അനാവരണം ചെയ്യുന്ന കഥനരീതിയാണ് ബഷീർ പിന്തുടരുന്നത്.





ആത്മകഥാംശം അടങ്ങിയിട്ടുള്ള ഈ കൃതി വായിച്ച നീങ്ങുമ്പോൾ നമ്മുടെ മുന്നിൽ വരുന്ന പ്രധാനചോദ്യം സാഹിത്യവും യാഥാർഥ്യവും തമ്മിലുള്ള വേർതിരിവ് എവിടെയാണ് ഉള്ളതെന്നാണ് .നാട്ടിൻപുറത്തെ സാധാരണക്കാരുടെ ഈ ജീവിതകഥയിൽ അവർ പിൻതുടരുന്ന തെറ്റായ ജീവിതരീതി തുറന്നുകാട്ടുകയും വിമർശിക്കുകയും ചെയ്യുന്നു. പ്രകൃതിയുമായി വളരെ അടുത്ത സൗഹൃദം ഈ കലാകാരന്റെ പ്രത്യേകതയാണ്. വൃക്ഷലതാദികളും പുഷ്പങ്ങളും നിറഞ്ഞുനില്ക്കുന്ന അന്തരീക്ഷം ഏകാഗ്രതയോടെ ഇരുന്ന് ചിന്തിക്കാനും എഴുതാനും കഥാകാരനെ സഹായിക്കുന്നു.

കളിക്കാൻ കൂട്ടുകാർ ഇല്ലാത്ത മകൾക്ക് കൂട്ടിനായി കിട്ടുന്നത് ഒരു പൂച്ചയേയാണ്. യാഥാസ്ഥിതിക മുസ്ളിം ഹിന്ദുസമുദായത്തിൽപ്പെട്ട അയൽക്കാർ പൂച്ചക്കുട്ടിക്ക് പേര് ഇടുന്നതിൽ തർക്കിക്കുന്നു. സ്ത്രീകൾക്ക ഉന്നതമായ ഒരു സ്ഥാനം കഥാകാരൻ നല്കുന്നുണ്ട് എന്ന് സൗഭാഗ്യവതി എന്ന സംബോധനയിലൂടെ നമുക്ക് വ്യക്തമാകുന്നു. എന്തിനും ഭർത്താവിനെ എതിർക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന ഭാര്യയുടെ ഉള്ളിൽ സ്നേഹിക്കുന്ന ഒരു മനസ്സുണ്ടെന്ന് നമുക്ക് കാണാം. കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾക്ക് സ്വാതന്ത്ര്യവും ഉയർന്ന പദവിയും ലഭിക്കാൻ ദൃഢമായി ആഗ്രഹിക്കുന്ന ആളാണ് ബഷീർ.

മകളുടെ കൂട്ടുകാരിയായ പൂച്ച സ്വന്തം വീട്ടിലെ അംഗത്തെപ്പോലെയായിരിക്കുന്നു. പൂച്ചയുടെ കാതുകുത്ത് ഒരു ആഘോഷമാക്കാൻ തന്നെ അയൽപക്കത്തെ സ്ത്രീകൾ തീരുമാനിച്ചു. എന്നാൽ മനുഷ്യരുടെ ഈ ആചാരങ്ങൾ മൃഗങ്ങൾക്ക് സഹിക്കുവാൻ കഴിയുമായിരുന്നില്ല. വേദനകൊണ്ട് പുളഞ്ഞ പൂച്ച ചാടിപ്പോകുന്നു. പൂച്ചയുടെ കാതുകുത്തണമെന്നുള്ള അഭ്യർത്ഥന ദയാലുവായ കഥാകാരൻ അംഗീകരിക്കുന്നു.

സ്വന്തം ജീവിതചര്യയിലും ആചാരങ്ങളിലും മുഴുകിയിരുന്നവർ ഒരു ദിവസം തങ്ങൾ ഓമനിച്ച് വളർത്തിയത് ആൺപൂച്ചയാണ് എന്നറിയുമ്പോൾ അതിനെ അങ്ങേയറ്റം വെറുക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നു. പൂച്ചയിലൂണ്ടായ ഈ മാറ്റം ഒരു അത്ഭുതമാണെന്നും അതിന് കാരണം കഥാകാരൻ തന്നെയാണെന്നും സ്വന്തം ഭാര്യയും അയൽവാസികളായ സ്ത്രീകളും വിശ്വസിക്കുന്നു. ഈ സംഭവത്തോടുകൂടി അദ്ദേഹത്തിന് ഒരു ദിവ്യത്വം വന്നിരിക്കുന്നു. അയൽവാസികളായ സ്ത്രീകൾ കഥാകാരനെ മാനിക്കുന്നു.

സമൂഹത്തിൽ നിലനിൽക്കുന്ന വിശ്വാസങ്ങൾ ജീവിതനിലവാരത്തെ എങ്ങനെ മാറ്റിമറിക്കുന്നു എന്ന് കഥാകാരൻ നമുക്ക് അനുഭവവേദ്യമാക്കിത്തരുന്നു. ജീവരാശിയുടെ നിലനിൽപ്പിൻ ആധാരമായ സാമാന്യതത്ത്വങ്ങൾ വിശകലനം ചെയ്യുന്ന സന്ദർഭങ്ങൾ ഈ നോവലിൽ അങ്ങിങ്ങോളം വായനക്കാരന് കാണാൻ കഴിയും

സംസാരഭാഷയുടെ തനിമയാർന്ന പ്രയോഗവൈഭവം തന്നെ യാണ് മറ്റേതൊരു ബഷീർ കഥയും പോലെ വായനക്കാരനെ ഈ കൃതിയിലേക്ക് ആകർഷിക്കുന്നത് ബഷീർ എന്ന കഥയുടെ സുൽത്താനെത്തേടി വാക്കുകൾ ചേരും പടി അണിനിരക്കുന്ന മാന്ത്രികത ഈ നോവലിലും കാണാൻ കഴിയും. സാഹിത്യലോകം അകറ്റിനിർത്തിയ പല കീഴാളപദങ്ങളും ജീവിതവും അദ്ദേഹത്തിന്റെ ഈ നോവലിലും ഇടം തേടി

ബഷീർ ഭൂമിയിൽ നിന്നും പോയി എന്നാലും ഇതുപോലുള്ള ജീവനുള്ള കൃതികളിലൂടെ ബഷീർ ഇന്നും വായനക്കാരുടെ മനസ്സിൽ ജീവിക്കുന്നു





# കണ്ണൂർ കോട്ട

എല്ലാ കോട്ടകൊത്തളങ്ങളും പുരാവസ്തുവാകും

എല്ലാ! പീരങ്കികളും നിശബ്ദമായി തുരുമ്പിക്കും

എല്ലാ സുൽത്താന്മാരും വെളിച്ചം കടക്കാത്ത

ഗുഹയിലൂടെ ഒളിച്ചോടും

ഉറക്കച്ചടവില്ലാത്ത എന്റെ കുട്ടികൾ

ഇവയെല്ലാം കൌതുകപൂർവ്വം നോക്കികാണും

എങ്കിലും ഞാൻ ഭയന്നു
കാവൽക്കാരൻ ഒടുവിൽ അവരുടെ തോളിലും

തൊട്ടുകൊണ്ടു പറയുമല്ലോ 'സമയമായി'

**കടമ്മനിട്ട**

# യാത്രയുടെ ലഹരിയിൽ

സായൂജ്യ കെ എസ്


10 സി




ഒരു വേനലവധി കാലത്തായിരുന്നു ഏറെനാളത്തെ പ്രതീക്ഷയോടെ ഞാൻ കാത്തിരുന്ന ഹൈദരാബാദിലേക്കുള്ള യാത്ര, ഞങ്ങൾ കുടുംബാംഗങ്ങളാണ് യാത്രാസംഘത്തിൽ ഉണ്ടായിരുന്നത് യാത്ര പുറപ്പെട്ട് രണ്ടാം ദിവസമാണ് അവിടെ എത്തിയത്.

പ്രഭാതഭക്ഷണത്തിനു ശേഷം ഞങ്ങൾ യാത്രയുടെ ആദ്യഭാഗമായ നൈസാമിനെ കൊട്ടാരത്തിലേക്ക് പോയി അദ്ദേഹത്തിൻറെ കാലത്തുള്ള വാളുകൾ പലതും തന്നെ വളരെ സുരക്ഷിതമായി കൊട്ടാരത്തിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്. കൊത്തുപണികളാൽ അലങ്കരിച്ച കൊട്ടാരത്തിലെ പ്രധാന ആകർഷണം പച്ചപ്പട്ടു വിരിച്ച പുൽമൈതാനം ആയിരുന്നു. കൊട്ടാര സന്ദർശിക്കാനായി വിദേശരാജ്യങ്ങളിൽ ഉള്ളവർ പോലും അവിടെ എത്തിയിരുന്നു.

.



അവിടെ നിന്നിറങ്ങിയ ഞങ്ങൾ വേനൽചൂടിൽ നിന്ന് മോചനം ലഭിക്കുന്ന മഞ്ഞു ലോകത്തേക്കാണ് അടുത്തതായി പോയത്. വിശാലമായ മുറി തുറന്നു തന്നപ്പോൾ ഒരു യഥാർത്ഥ മഞ്ഞു ലോകം പോലെയാണ് അനുഭവപ്പെട്ടത്. മഞ്ഞുകട്ടകളും മഞ്ഞ് പ്രതിമകളും ഒക്കെയായി തണുത്തു വിറയ്ക്കുന്ന ഒരു മുറി അവയ്ക്കൊപ്പം തന്നെ മഞ്ഞിലൂടെ തെന്നിത്തെറിച്ചു പോകുന്ന റൈഡ് പന്തുകളും എല്ലാം ക്രമീകരിച്ചിരിക്കുന്നു ഓരോ ചുവടുകൾ വയ്ക്കും തോറും പാദങ്ങളിൽ മഞ്ഞുകണങ്ങൾ ആഴ്ന്നിറങ്ങുന്നു. ഇത്തരം ഒരു നിമിഷം ആദ്യമായാണ് ഞാൻ അനുഭവിക്കുന്നത്. വിശാല ലോകത്തുനിന്ന് പുറത്തിറങ്ങിയപ്പോൾ വെയിൽ വീണ്ടും

ഞങ്ങളെ വേട്ടയാടി. പക്ഷേ അതിൻറെ തീവ്രത കുറഞ്ഞു കൊണ്ടിരിക്കുന്നുണ്ടായിരുന്നു. സന്ധ്യ ആയതുകൊണ്ടായിരിക്കാം അൽപസമയത്തിനുശേഷം ആണ് ലോഡ്ജിലേക്കുള്ള ഞങ്ങളുടെ യാത്ര ആരംഭിച്ചത്. ഏകദേശം 8.30 ന് മുമ്പായി ഞങ്ങൾ നിശ്ചിത മുറികളിൽ എത്തിച്ചേർന്നിരുന്നു. ഭക്ഷണം പുറത്തുനിന്ന് വാങ്ങാതെ സംഘക്കാർ തന്നെയാണ് പാകംചെയ്തത്. ആ സൗഹൃദ കൂട്ടായ്മയുടെ ഹൃദ്യമായ രുചി പാകം ചെയ്ത ഭക്ഷണത്തിനുമുണ്ടായിരുന്നു. ഭക്ഷണം കഴിച്ച് 10 മണിക്ക് ശേഷമാണ് ഞങ്ങൾ ഉറങ്ങാൻ കിടന്നത്.

പിറ്റേദിവസം ഏറെ പ്രതീക്ഷയോടെയാണ് ഉണർന്നത്. അന്ന് ഞങ്ങൾ രാമോജി ഫിലിം സിറ്റി യിലേക്കാണ് പോയത്. ഒരു ദിവസം അവിടെ തന്നെ ചിലവഴിക്കണം എന്നായിരുന്നു ഞങ്ങളുടെ തീരുമാനം. അവരുടേതായ വാഹനത്തിലാണ് ഞങ്ങളെ ഫിലിംസിറ്റിയിൽ പ്രവേശിപ്പിച്ചത്. ഒരു സ്വാഗത നൃത്തത്തിനു ശേഷമാണ് സജ്ജീകരണ മേഖലയിലേക്കുള്ള പ്രവേശനകവാടം ഞങ്ങൾക്കായി തുറന്നുതന്നത്. ഒരു വിമാന മോഡലിന്റെ 3D ദൃശ്യം കാണുവാനായി ഞങ്ങൾ കയറുകയും അതിൽ നിന്നിറങ്ങിയപ്പോൾ സിനിമാ ഷൂട്ടിങ്ങിന് ഭാഗമായി ഒരു സ്റ്റണ്ട് നടക്കുന്നിടത്തേക്ക് പോകുകയും ചെയ്തു. ടിക്കറ്റ് എടുക്കാനുള്ള നീണ്ട ക്യൂ ഞങ്ങളുടെ സമയം കുറേ സമയം നഷ്ടപ്പെടുത്തി. എന്നിട്ടും സിനിമാ ഷൂട്ടിങ്ങിന് കുറിച്ചറിയാൻ ഞങ്ങൾ പരിശ്രമിച്ചു. ഇതിനിടയിൽ ചെന്നൈ എക്സ്പ്രസ് സിനിമയിലെ ക്ഷേത്രത്തിന്റെ സെറ്റും, മഹാഭാരതം ഷൂട്ടിങ്ങ് നടത്തിയ ചില സ്ഥലങ്ങൾ എന്നിവ ഞങ്ങൾക്ക് കാണുവാൻ സാധിച്ചു. ചങ്ങല പാലങ്ങളും അസ്ഥികൂടത്തിന്റെയും വവ്വാലിന്റെയും ഒക്കെ രൂപങ്ങളുള്ള ഒരു ഗുഹയിൽ ഞങ്ങൾ കയറി. അവിടുത്തെ റസ്റ്റോറന്റിൽ ഭക്ഷണം കഴിച്ചശേഷം പലതരത്തിൽപ്പെട്ട ചിത്രശലഭങ്ങളെയും പക്ഷികളെയും സ്വതന്ത്രമായി തുറന്നുവിട്ട് വളർത്തുന്നത് കണ്ടു. ഞങ്ങൾ അവിടെ നിന്നിറങ്ങി.

അടുത്തദിവസം രാവിലെ ഒരു കോട്ടയിലേക്കാണ് ഞങ്ങൾ പോയത് ആ കോട്ടയിൽ ഉണ്ടായിരുന്ന രാജാവിന് 360 ഭാര്യമാരുണ്ടായിരുന്നു. അവരുടെ ഓരോരുത്തരുടെയും പ്രതീകമായി 360 പടികൾ അവിടെയുണ്ട്. പണ്ടത്തെ പാവപ്പെട്ടവർ രാജ്ഞിമാരെ ബഹുമാനിക്കാനായി ഓരോ പടി കയറുമ്പോഴും കൈമുട്ടുമായിരുന്നു. വെള്ളം വറ്റിയ അന്നത്തെ ഒരു കുളം റോഡിനോട് ചേർന്ന് ഇപ്പോഴും ഉണ്ട്. ആ കുളവും കോട്ടയും ചരിത്രത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു .

അവിടെ നിന്നിറങ്ങിയ ഞങ്ങൾ നേരെ പോയത് ചാർമിനാർലേക്കാണ്. നാലു വലിയ തൂണുകൾ തൂണിന്റെ ഉള്ളിലൂടെ മുകളിലേക്ക് കയറാൻ കഴിയുന്ന കുത്തനെയുള്ള പടികൾ, അല്പമൊന്ന് ശ്രദ്ധിച്ചില്ലെങ്കിൽ താഴേക്ക് വഴുതിവീഴും. അവിടെയുള്ള ഇരുട്ട് ഭയം ഉയർത്തുന്നതും കൗതുകകരവുമായിരുന്നു ചാർമിനാറിന് മുകളിൽനിന്ന് നോക്കിയാൽ ഹൈദരാബാദ് പട്ടണം മുഴുവൻ കാണാൻ കഴിയും. ഏകദേശം സന്ധ്യയായപ്പോൾ ഞങ്ങൾ റൂമിലേക്ക് മടങ്ങി.

അടുത്തദിവസം ആദ്യം തന്നെ മൃഗശാലയിലേക്ക് ആണ് ഞങ്ങൾ പോയത് ഇതുവരെ കണ്ടിട്ടുള്ളതും കാണാത്തതുമായ വിവിധതരം മൃഗങ്ങളെ ഞങ്ങക്കവിടെ കാണാൻ സാധിച്ചു. പ്രത്യേകമായി വേർതിരിക്കാതെ എല്ലാ മൃഗങ്ങളെയും തുറന്നു വിട്ടിക്കുകയാണ്. മൃഗങ്ങൾ ആക്രമിക്കാതിരിക്കാൻ വലിയ മതിലുകൾ ഉണ്ടാക്കി എങ്കിലും അത് ഞങ്ങളുടെ കാഴ്ചയെ തടസ്സപ്പെടുത്തുന്നത് ആയിരുന്നില്ല.

മൃഗശാലയിലേക്ക് പോയശേഷം ഞങ്ങളുടെ യാത്രയുടെ അവസാനഭാഗമായി പെൻസിൽ കാർ ,ടേബിൾ കാർ തുടങ്ങിയവ വിചിത്രകാർ മോഡലുകൾ ഉൾപ്പെടുന്ന ഒരു കാർ മേളയിലേക്ക് ആണ് പോയത്. കാറിന്റെ മോഡലുകൾ ഇങ്ങനെയും വേണമെങ്കിൽ ആകാം എന്ന് കൗതുകപൂർവ്വം മനസ്സിലാക്കി. ഞങ്ങൾ കാണുവാൻ ഉദ്ദേശിച്ച സ്ഥലങ്ങളെല്ലാം അതോടുകൂടി കണ്ടു കഴിഞ്ഞിരുന്നു. ഉച്ചയോടുകൂടി ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു. എന്റെ യാത്രകളിൽ ഏറെ സന്തോഷം പകർന്നു തന്ന ഹൈദരാബാദ് യാത്ര

“ വേദനിക്കിലും
വേദനിപ്പിക്കിലും
വേണമീ
സ്നേഹബന്ധങ്ങളൂഴിയിൽ"
ഒ എൻ വി

# ഭൂമിക്കൊരു കുട

## ശ്യാംലി ശശീന്ദ്രൻ എ



തീർക്കേണം നമുക്ക് ഒരുമിച്ചൊരു കുട
കാക്കേണം ഈ ഭൂമി മാതാവിനെ
ചൂടും തണുപ്പും ജലവും നൽകി
അണിയിച്ചൊരുക്കി ഈ ഉലകത്തെ നാഥൻ

നമ്മൾ മറന്നതിൻ സുന്ദര സംഗീതം
വക്ര പ്പെടുത്തി മനോഹര കാഴ്ചകൾ
കാടുകൾ വെട്ടി നിരത്തീ പുഴകളും
കോൺക്രീറ്റ് കാടുകൾ പൂത്തുലഞ്ഞു
അസഹ്യമാം വേനൽചൂടിന്റെ നോവുമായി
ദാഹാർത്തനായി നാം നമ്മെ പഴിക്കുന്നു
മഴമേഘമില്ല  മഴയും കുറഞ്ഞുപോയി
വേഴാമ്പലിനെ പോലെ നമ്മളീ ഈ ഭൂമിയിൽ
ഒരു തൈ നടാം തണൽ നൽകാം ഭൂമിക്ക്
പൊട്ടി മുളക്കട്ടെ നന്മതൻ ഉറവകൾ

വിണ്ടുകീറന്നൊരീ മണ്ണിനെ നനയിക്കാൻ
കാർമുകിൽ കീറുകൾ അലറിക്കരയട്ടെ
നേർത്ത തണുപ്പിൽ നിഴൽ വിരിച്ചെന്നും
കാറ്റിലാടട്ടെ ഓരോ മരങ്ങളും
മഴയെത്തും വെയിലത്തും ഭൂമിയെ കാക്കുന്ന
തണലായി മാറട്ടെ നമ്മുടെ ചിന്തകൾ



കഥ

# കാത്തിരിപ്പിന്റെ അവസാനം

## അലീന പ്രകാശ്

“അമ്മ” ആ രണ്ടക്ഷരത്തിൽ പിടിച്ചു നിർത്താനാവാത്ത സ്നേഹത്തിന്റെയും സംരക്ഷണത്തിന്റെയും വാത്സല്യത്തിന്റെയും മഹാസാഗരം. നമ്മുടെ ജീവിതത്തിൽ അമ്മയ്ക്കുള്ള സ്ഥാനം വളരെ വലുതാണ്. പക്ഷേ നമുക്ക് പലപ്പോഴും അത് മനസ്സിലാക്കാൻ സാധിക്കാറില്ല. എന്റെ ജീവിതത്തിൽ അമ്മയുടെ അഭാവം ഞാൻ മനസ്സിലാക്കിയത് അങ്ങനെയൊരു വിടവ് ഉണ്ടായപ്പോഴാണ്.



ഞാൻ ഒരു യാത്രയിലാണ്. പുറത്ത് കറുത്തിരുണ്ട മേഘം അതിന്റെ ഭാരം കുറച്ചു കൊണ്ടിരിക്കുകയായിരുന്നു. തിമിർത്തുപെയ്യുന്ന ആ മഴയ്ക്ക് ശ്രദ്ധയുടെ ഒരംശംപോലും വിട്ടു നൽകാതെ കാറിൻന്റെ പിൻസീറ്റിലിരുന്ന് ഞാൻ ചിതലരിക്കാത്ത എൻറെ പൂർവ്വകാലം ഓർക്കുകയായിരുന്നു. മനസ്സിൽ ആദ്യ തെളിഞ്ഞുകാണുന്ന എല്ലാ ഓർമ്മകളിലും അമ്മയുടെ സാന്നിധ്യമുണ്ട്. അച്ഛൻ മരിച്ചപ്പോൾ കരഞ്ഞുകൊണ്ട് എന്നെ ചേർത്ത് പിടിച്ചതും, സ്കൂളിൽനിന്ന് ഞാൻ വരുമ്പോൾ എനിക്കായി ഭക്ഷണമൊരുക്കി കാത്തുനിന്നതും , പ്രകൃതിയുടെ സ്വന്തം ശരീരത്തിലെ ചൂടിലേക്ക് എന്നെ ചേർത്ത് പിടിച്ചതും ചോർന്നൊലിക്കുന്ന വീട്ടിൽ എന്നെ നനയ്ക്കാതെ സ്വയം നനയുന്നതും ഒക്കെ ചെയ്ത അമ്മ ഒത്തിരി ഓർമ്മകൾ എനിക്ക് നൽകിയിട്ടുണ്ട്.

ഞാൻ ഒരു ഡോക്ടർ ആയി ജോലിക്ക് വേണ്ടി അന്വേഷിച്ചു കൊണ്ടിരിക്കുമ്പോഴാണ് നമിത എന്ന പെൺകുട്ടിയെ ഞാൻ വിവാഹം കഴിക്കുന്നത്. അവളുടെ അച്ഛൻറെ സ്വാധീനത്തിൽ എനിക്ക് വിദേശത്ത് ജോലി ലഭിച്ചു. അങ്ങനെ ഞാനും അമ്മയും നമിതയും അങ്ങോട്ടുപോയി. പഴയകാലത്തുള്ള അമ്മ

അവൾക്ക് ഒരു ശല്യമായി തുടങ്ങി. രണ്ടു മൂന്നു മാസങ്ങൾക്കുശേഷം അവളെന്നോട് അമ്മയെ നാട്ടിൽ ഏതെങ്കിലും വൃദ്ധസദനത്തിൽ ആക്കാൻ പറഞ്ഞു. അവളെ എതിർക്കാനുള്ള ശക്തി എനിക്കുണ്ടായിരുന്നില്ല. എന്റെ ജോലിയെ ബാധിക്കുമോ എന്ന് ഭയമാണ് മുഖ്യകാരണം അവളുടെ ആഗ്രഹത്തിന് സമ്മതം മൂളുകയെ എനിക്ക് നിവൃത്തിയുണ്ടായിരുന്നുള്ളൂ. ആയിടെ നാട്ടിലേക്ക് പോകുന്ന ഒരു സുഹൃത്തിനെ അമ്മയെ ഏൽപ്പിച്ചു. അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് ഞാൻ കണ്ടു. തിരിച്ചുവരുന്നതിനിടെ എന്റെ കണ്ണുകളിൽ നിന്ന് പ്രവഹിക്കുന്ന കണ്ണുനീരിനെ മറച്ചുപിടിക്കാൻ എനിക്ക് കഴിയുമായിരുന്നില്ല.



അന്നത്തെ കണ്ണുനീരിലെ അർത്ഥം വൈകിയാണ് ഞാൻ മനസ്സിലാക്കിയത്. അന്ന് ഞാനാ സുഹൃത്തിനെ ഏൽപ്പിച്ചത് സങ്കടം വരുമ്പോൾ എന്നെ ചേർത്ത് പിടിക്കാനും സന്തോഷം വരുമ്പോൾ അഭിമാനത്തോടെ എന്നെ കെട്ടിപ്പിടിക്കുകയും ഇല്ലായ്മകൾക്കിടയിലും വാരിക്കോരി സ്നേഹം പകർന്നു തരികയും ചെയ്തു ഒരമ്മയെയാണ്. അമ്മ എന്ന രണ്ടക്ഷരത്തിന്റെ അർത്ഥം തിരിച്ചറിഞ്ഞത് അന്നാണ്.

ഡ്രൈവർ വിളിച്ചപ്പോഴാണ് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നത് ഞാൻ മനസ്സിലാക്കുന്നത്. ഓർമ്മകളിൽ മുഴുകിയിരിക്കുകയായിരുന്നുവല്ലോ ഞാൻ. നിശബ്ദത തളംകെട്ടിനിൽക്കുന്ന വൃദ്ധസദനത്തിലേക്ക് ഞാൻ പ്രവേശിച്ചു. എന്റെ ഉദ്ദേശം ചോദിച്ചറിഞ്ഞ കന്യാസ്ത്രീ കാത്തിരിക്കാൻ ആവശ്യപ്പെട്ടു. ഞാനാ കെട്ടിടവും

പരിസരവും ചുറ്റിനടന്ന് കാണുകയായിരുന്നു.അകലെ മാവിൻചുവട്ടിൽ ഒറ്റയ്ക്കിരിക്കുന്ന ഒരു സ്ത്രീയെ ഞാൻ ശ്രദ്ധിച്ചു. അതെന്റെ അമ്മയായിരുന്നു. എന്റെ ഹൃദയം കുറ്റബോധം കൊണ്ട് പൊട്ടി തകരുന്നത് പോലെ എനിക്ക് തോന്നി. അമ്മ എന്റെ അടുത്തേക്ക് വന്നു. ഉണ്ണീ... എന്ന ഹൃദയത്തിൽനിന്നുള്ള ആ വിളി മനസ്സിന് കുളിർമയേകി. ആ കണ്ണുകളിൽ നിന്ന് കണ്ണുനീർ കവിളുകളിലൂടെ എന്റെ കൈകളിൽ പതിച്ചു അത് ആനന്ദ കണ്ണുനീരായിരുന്നു എങ്കിലും എന്റെ കൈകളും ഹൃദയവും പൊള്ളുന്നതായി തോന്നി.

" നീ വരുന്ന് എനിക്കറിയാമായിരുന്നു". അമ്മ എന്റെ മുഖത്ത് നിന്ന് കണ്ണെടുക്കാതെ പറഞ്ഞു."അമ്മേ സുഖാണോ" അത് എന്റെ നാവിൽ നിന്ന് പുറത്തുവന്നപ്പോഴാണ് അതിന്റെ കയ്പ് എനിക്ക് അനുഭവപ്പെട്ടത്. പെട്ടെന്ന് പുറകിൽ നിന്ന് കന്യാസ്ത്രീ എന്നെ വിളിച്ചു.." ഇതാ നിങ്ങൾ പറഞ്ഞ ഇന്ദിര" അതും പറഞ്ഞ് അവർ നടന്നകന്നു.സുഹൃത്തിന്റെ അമ്മ പിന്നിൽ വന്നു നിന്നു. എന്റെ അമ്മയുടെ മുഖം ഇരുന്നത് ഞാൻ കണ്ടു. അമ്മ പറഞ്ഞു "ഒരു നിമിഷം ഞാൻ എല്ലാം മറന്നുപോയി. നിന്റെയും ഭാര്യയുടെയും ജീവിതത്തിൽ ഞാൻ ശല്യമായി തീരില്ല. എനിക്ക് സുഖമാണ് പിന്നെ കാണാൻ കഴിഞ്ഞൂല്ലോ ഈ അമ്മയ്ക്ക് അനുമതി പൊയ്ക്കോളൂ". അമ്മയുടെ വാക്കുകൾ ഓരോന്നും എന്റെ ഹൃദയത്തിൽ വലിയ പ്രകാരം ഏൽപ്പിക്കുന്നതായി എനിക്ക് തോന്നി. അമ്മ പതിയെ നടന്നു നീങ്ങി മാവിൻ ചുവട്ടിൽ ഇരുന്നു.

സുഹൃത്തിന്റെ അമ്മയെ അവന്റെ വീട്ടിൽ എത്തിച്ചു. പിന്നീട് പാലക്കാട്ടുള്ള ഭാര്യയുടെ വീട്ടിലേക്ക് മടങ്ങി. അസ്വസ്ഥമായ മനസ്സോടെ ഉറങ്ങാൻ കിടന്നു. പാതി മയങ്ങിയതെയുള്ളൂ ഫോൺ ബെല്ലടിക്കുന്നു. ഫോണെടുത്തു. വൃദ്ധമന്ദിരത്തിലെ സിസ്റ്റർ ആണ്" നിങ്ങളുടെ അമ്മയില്ലേ ശാന്ത കുറച്ചുമുമ്പ് അവർ മരിച്ചുപോയി. വേഗം ഇവിടെ എത്തണം" സിസ്റ്ററുടെ വാക്കുകൾ മനസ്സിനെ ആകെ ഉലച്ചു കളഞ്ഞു.

" അമ്മ" പത്തുമാസം ഉദരത്തിലും ഒരായുഷ്കാലം മുഴുവൻ ഹൃദയത്തിലും കൊണ്ടുനടന്ന സ്നേഹം. ഇത്രയും കാലം എനിക്ക് എല്ലാം തന്ന അമ്മയ്ക്ക് സ്നേഹം പോലും നൽകാതെ മരണത്തിലേക്ക് തള്ളി വിട്ട മകനാണ് ഞാൻ. നന്ദിയില്ലാത്തവൻ സ്നേഹത്തിൻറെ വിലയറിയാത്തവൻ.അയാൾ സ്വയം ശപിച്ചു .



**അനുഭവം**

# എന്റെ പ്ലാവ്

ബിബിൻ ബിജു **9** എ



വലിയൊരു പാറയുടെ ചുവട്ടിൽ പച്ച കുടയും നിവർത്തി തൊട്ടടുത്തുള്ള വൃക്ഷങ്ങളെക്കാൾ ഉയരത്തിൽ ദൂരെ നിന്ന് നോക്കിയാൽ കാണുന്ന വിധം “എന്റെ പ്ലാവ്” തലയെടുപ്പോടെ നിൽക്കുന്നു. ഉത്സവത്തിന് നെറ്റിപ്പട്ടം കെട്ടിയ ആന എന്നപോലെ !!! എന്നെ വെല്ലാൻ ആരുണ്ട് എന്ന ഭാവമാണ് എന്ന് തോന്നും അതിന്റെ നിൽപ്പ് കണ്ടാൽ.

വേനൽക്കാലമാകുമ്പോൾ കുയിൽ, കുരുവി, ഓലേഞ്ഞാലി , ഇരട്ടത്തലയൻ, മൈന, തത്ത, കാക്ക വർണ്ണ ചിറകുള്ള മറ്റനേകം പക്ഷികൾ ചൂടിൽ നിന്ന് രക്ഷ നേടാൻ പ്രാവിന്റെ ശിഖരങ്ങളിൽ വന്നെത്തുന്നു. നമുക്ക് ഭക്ഷിക്കാൻ ധാരാളം ചക്കയും നൽകുന്നു. എൻറെ ഗ്രാമത്തിലെ പല വീട്ടുകളിലേയും ആളുകൾ ഒരു നേരമെങ്കിലും ഈ വൃക്ഷശ്രേഷ്ഠന്റെ ഫലം ആസ്വദിച്ചവരാണ്. അങ്ങനെയിരിക്കെ ഒരു ദിവസം വലിയ ചുഴലിക്കാറ്റടിച്ച് എന്റെ പ്ലാവിന്റെ ഒരു വലിയ ശിഖരം നിലംപതിച്ചു. ആ കാഴ്ച കണ്ട്എനിക്ക് വലിയ സങ്കടമായി. അടുത്തുള്ള വീട്ടുകാരൊക്കെ പ്ലാവിന്റെ ശിഖരം വെട്ടിത്തരണം എന്നു പറയുമ്പോൾ പോലും എനിക്ക് വലിയ വിഷമം ആയിരുന്നു. പിന്നീട് അവരൊക്കെ പ്ലാവിന്റെ വേര് അവർക്ക് വലിയ ശല്യം ആണെന്ന് പറഞ്ഞു ഒന്നൊന്നായി വെട്ടാൻ തുടങ്ങി. അപ്പോഴും വിഷമം ഒന്നും കാട്ടാതെ “എന്റെ പ്ലാവ്” നിറയെ ഫലങ്ങൾ തന്നുകൊണ്ടേയിരുന്നു.



കവിത

# ഗുരു


ഡീൻ ട്രീസ 9 ബി

അറിവേകുവാൻ കനിവൂറും മനമോടെ
നിറനിലാ പൂന്തിങ്കൾ പോലെൻ മനതാരിൽ
നിറയുകയാണെൻ  ഗുരുനാഥൻ പ്രിയമോടെ
കുറവുകൾ തീർത്തെന്നിൽ നിറകളേകുന്നു

ഒരു മന്ദഹാസത്താൽ സ്നേഹം പകർന്ന്
അരുമയാം ശിഷ്യർക്ക് വിദ്യ പകരുന്നു.
ഇരുൾ മാറ്റി ഞങ്ങൾക്ക് നേർ വഴി കാട്ടുന്ന
ഗുരുവല്ലാതാരുണ്ട് പൂജ്യനായി മർത്ത്യർക്ക്

ജാതി മതങ്ങൾ തൻ ഭേദമില്ലേതുമെ
ഓതിത്തരുന്നു ഗുരു ഒരുമതൻ പാഠങ്ങൾ
താതനെപ്പോലെന്നെ ചേർത്തു നിർത്തീടുന്നു
സുത തുല്യർ ഗുരുവിന്നി ശിഷ്യഗണങ്ങൾ




“വസന്തത്തിന്റെ ഖജനാവിൽ നിന്ന്
നിനക്കൊരു കരിഞ്ഞ പൂവുത്തരാം
വിത്തെടുത്തു
വിതയ്ക്കുക
അഭ്രപുഷ്പങ്ങൾ വിടരുന്ന
ഒരു കൊള്ളിമീൻ ചെടി സംഭവിക്കട്ടെ
നിനക്ക് നിരാശ തന്നവന്റെ
കാലടയാളങ്ങളിൽ
ഇടിത്തീ വീഴട്ടെ
നിന്റെ കണ്ണു നീർ
തിളങ്ങട്ടെ”
എ അയ്യപ്പൻ

# മുറ്റത്തെ കിളിക്കൂട്

ആദിത്യ എ 10 എ



**അ**തിമനോഹരമായ സ്വപ്നം കണ്ടു ഉറങ്ങുകയായിരുന്നു അപ്പു. അമ്മ വിളിച്ചുണർത്തി. “അപ്പു വേഗം എഴുന്നേൽക്കു സമയം കുറെയായി സ്കൂളിൽ പോകേണ്ടേ?” അവധി എല്ലാം കഴിഞ്ഞു വർഷകാലത്തെ കോരിച്ചൊരിയുന്ന മഴയത്ത് നനഞ്ഞ് വിറച്ചുകൊണ്ട് സ്കൂളിൽ പോകുന്ന അവസ്ഥയെക്കുറിച്ച് ഓർത്തപ്പോൾ അപ്പു മടിച്ചു എഴുന്നേറ്റു.” എന്തൊരു തണുപ്പ് അവൻ ദേഹമാകെ പുതപ്പുകൊണ്ട് പുതച്ച് മെല്ലെ ഉമ്മറ തിണ്ണയിലിരുന്നു. “ എന്താ അപ്പു ഇങ്ങനെ ഇവിടെ ഇരിക്കുന്നത് മോനിന്ന് സ്കൂളിൽ പോകണ്ടേ?” എന്നു പറഞ്ഞു മുത്തശ്ശി അടുത്തിരുന്നു.” നോക്ക് മുത്തശ്ശി ചെടികളിലെല്ലം വെള്ളത്തുള്ളികൾ”. അപ്പു ഓടിച്ചെന്ന് ചെടികൾ പിടിച്ചുകുലുക്കി. “എന്താ ഈ കാണിക്കുന്നെ ദേഹമാകെച്ചെളിയായല്ലോ”. “ നോക്ക് മുത്തശ്ശി ചെടികൾ പിടിച്ച കുലുക്കുമ്പോൾ വെള്ളത്തുള്ളികൾ ചിതറുന്നത് കാണാൻ എന്തു ഭംഗിയാ”. അതെ അതെയെന്ന് തലയാട്ടിക്കൊണ്ട് മുത്തശ്ശി മുറ്റത്തെ തേന്മാവിലേക്ക് നോക്കി. ഓരോ കൊമ്പുകളിലേയും ചില്ലകളിൽ നല്ല കരിം പച്ച നിറത്തിലുള്ള മാമ്പഴങ്ങൾ. അവയിലും വെള്ളത്തുള്ളികൾ പറ്റിപ്പിടിച്ചിരിക്കുന്നു.” ഓ എന്തു തണുപ്പ് ചാറ്റൽ മഴ ഉണ്ടല്ലോ”. അപ്പു പുതച്ചിരുന്ന പുതപ്പ് നന്നായെന്ന് മുറുക്കി. ഇന്ന് പുലർച്ചെ നല്ല മഴയായിരുന്ന.. അതിനോടൊപ്പമുള്ള നല്ല കാറ്റും ... ഈ മാങ്ങകൾ എല്ലാം ഞെട്ടറ്റ് നിലത്ത് വീണിട്ട് ഉണ്ടാകുമെന്നാ ഞാൻ വിചാരിച്ചത്. അപ്പോൾ ഓണക്കാലം ആകുമ്പോഴേക്കും മാമ്പഴ പുളിശ്ശേരിക്കുള്ള മാമ്പഴം നമുക്ക് കിട്ടുമായിരിക്കും അല്ലേ മുത്തശ്ശി...”. “ഉം..” ഒരു പ്രസക്തമായ മറുപടി തരാതെ ഒരു മൂളലിൽ അപ്പുവിന് ഉത്തരം നൽകി. മുത്തശ്ശി അകത്തേക്ക് പോയി. അപ്പോഴാണ് ഒരു കുഞ്ഞിക്കിളിയുടെ ശബ്ദം അപ്പു കേട്ടത് കിളിയെ കാണാനുള്ള കൊതി കൊണ്ടാവാം അവൻ കൂടുതൽ അടുത്തേക്ക് പോയി. നോക്കുമ്പോൾ മരച്ചില്ലയില് അതാ ഒരു കിളിക്കൂട്. നേരിയ ചുള്ളിക്കമ്പുകൾ കൊണ്ട് പണിത കൂട്ടിൽ ഒരു കുഞ്ഞിക്കിളി. തന്നെ കണ്ടിട്ടാണോ അത് കരയുന്നത്. കണ്ണുചിമ്മി കൊണ്ട്

## കഥ

കരയുന്ന ആ കിളിയെ അപ്പുവിന് വലിയ ഇഷ്ടമായി. ഒറ്റനോട്ടത്തിൽ തന്നെ മുട്ടവിരിഞ്ഞ് പുറത്തുവന്നിട്ട് കുറച്ചുനേരമേ ആയുള്ളൂ എന്ന് തിരിച്ചറിഞ്ഞു. ആ കുഞ്ഞിക്കിളിയുടെ അടുത്ത് പിന്നെയും രണ്ടു മുട്ടകൾ. അവയും ഇപ്പോൾ വിരിയാൻ പോവുകയാണെന്ന് അവൻ തിരിച്ചറിഞ്ഞു. കുറച്ചു നിമിഷത്തിനു ശേഷം ആ മുട്ടകൾ വിരിഞ്ഞു കുഞ്ഞിക്കിളികൾ ഓരോന്നായി പുറത്തുവന്നു. അമ്മയെ കാണാതെ പരിഭ്രമത്താൽ വിറക്കുന്ന അവയെ അപ്പു സൂക്ഷിച്ചു നോക്കി നിന്നു. മെല്ലെ കണ്ണു ഉറന്നു നോക്കുന്ന അവയെ കണ്ട് അപ്പുവിന്റെ മനസ്സ് ആനന്ദം കൊണ്ടു. അപ്പോഴാണ് അമ്മ വിളിച്ചത്" അപ്പു വേഗം വാ സമയം വൈകി". മനസ്സില്ലാമനസ്സോടെ അവൻ വീട്ടിലേക്ക് പോയി.



പുതിയ അധ്യായന വർഷത്തിന്റെ തുടക്കമായിരുന്നു. പുസ്തകങ്ങളും പുതിയ കൂട്ടുകാരും ഒന്നും അവൻറെ മനസ്സിൽ തങ്ങി നിന്നില്ല. മാവിൻ കൊമ്പിലെ പക്ഷിക്കുഞ്ഞുങ്ങളായിരുന്നു അവൻറെ മനസ്സിൽ. സ്കുകുഞ്ഞി കളികളുടെ അമ്മ കൂട്ടിൽ എത്തിയിട്ടുണ്ടവുമോ?. കുഞ്ഞിക്കിളികൾ അവിടെ ഉണ്ടാകമൊ എന്നെല്ലാമായിരുന്നു അവന്റെ ചിന്ത. വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലെത്തുന്നതുവരെ പരിഭ്രമമായിരുന്ന.. അമ്മയുടെ വാക്കുകൾ ഒന്നും കേൾക്കാതെ വീട്ടിലെത്തിയപ്പോൾ കിളിക്കൂടിന് അരികിലേയ്ക്ക് പാഞ്ഞു. നോക്കുമ്പോൾ അമ്മയുടെ കൂടെ സന്തോഷവാന്മാരായി ഇരിക്കുന്ന കിളിക്കുഞ്ഞുങ്ങളെ അപ്പു കണ്ടു. അവന് സന്തോഷമായി.

പിറ്റേദിവസം ഉണർന്നെണീറ്റപ്പോൾ കണ്ട കാഴ്ച വളരെ വേദനിപ്പിക്കുന്നതായിരുന്നു തന്റെ അമ്മ ഒരു വടിയെടുത്ത് തേൻ മാവിൻ ചുവട്ടിലേക്ക് പോകുന്നു. "എന്താ അവിടെ?. അമ്മയുടെ കയ്യിൽ എന്താ ഒരു വടി?" അപ്പു കാര്യം തിരക്കി."ഓ ഒന്നുമില്ല ഇവിടെ ഒരു കിളിക്കൂട് ശല്യം ആകും തകർത്തുകളഞ്ഞേക്കാം" "അയ്യോ!" അമ്മയുടെ വാക്കുകേട്ട് അപ്പു ഞെട്ടി. അവൻ ദയനീയമായി പറഞ്ഞു " അമ്മേ കിളിക്കൂട് തകർക്കരുത്" അമ്മ പറഞ്ഞു" വലിയ ശല്യമാണ് രാത്രിയിലെ കുഞ്ഞുങ്ങളുടെ കലപില ശബ്ദം കേട്ട് ഉറങ്ങാൻ പോലും പറ്റുന്നില്ല". അപ്പു അമ്മയുടെ കാലുപിടിച്ചു അപ്പുവിനെ എതിർപ്പിനു മുന്നിൽ അമ്മ കീഴടങ്ങി. അപ്പുവിനു സന്തോഷമായി. പിന്നെ പിന്നെ കിളിക്കുഞ്ഞുങ്ങളും അപ്പുവും വലിയ കൂട്ടായി. അമ്മക്കിളി തീറ്റ തേടി പോകുന്ന സമയത്ത് അവൻ കുഞ്ഞുങ്ങളുടെ അടുത്ത് ചെന്നിരിക്കും ദിവസങ്ങൾ

കഴിയുന്തോറും അവരുടെ സുഹൃത്ത് ബന്ധം വളർന്നു വന്നു..ദിവസങ്ങളും ആഴ്ചകളും പെട്ടെന്ന് കടന്നു പോയി. അവിടെ സൗഹൃദം കൂടുതൽ ദൃഢമായി. ഒരു ദിവസം സ്കൂളിൽ നിന്ന് വന്നപ്പോൾ കിളിക്കൂട്ടിൽ ആരെയും കാണാനുണ്ടായിരുന്നില്.. അപ്പുവിനു സങ്കടമായി കുഞ്ഞുങ്ങളും തള്ളക്കിളിയും എവിടെപ്പോയി? അമ്മ പറഞ്ഞു പറക്കാൻ ആവുമ്പോൾ കുഞ്ഞുങ്ങളുമായി തള്ളക്കിളി കൂട് വിട്ട് ദൂരേക്ക് യാത്രയാകും. പക്ഷികൾ എല്ലായിപ്പോഴും ദേശാടനം ചെയ്തുകൊണ്ടിരിക്കുന്നവരാണ്. അടുത്തകൊല്ലം അവർ അപ്പുവിനെ തേടി വരുമായിരിക്കും. അപ്പു കാത്തിരിക്കുകയാണ്.



കഥ

# ചക്കരമാവ് പൂക്കും കാലം

ശിവാനി കെ എസ്

10 ബി



ആരോ വാതിലിൽ മുട്ടുന്നു എന്ന തോന്നൽ  അമ്മണിയമ്മ എഴുന്നേറ്റു.  നല്ലകാറ്റും മഴയും കൂരാകൂരിരുട്ടിൽ അമ്മണിയമ്മ തപ്പിതടഞ്ഞുകൊണ്ട് കതക് തുറന്നു. "ആരാ അവിടെ എന്റെ ഉണ്ണിയെ എനിക്കറിയാം. ഉണ്ണി നീ അമ്മയെ വ്യസനിപ്പിക്കാതെ ഇങ്ങു വരൂ". ആശ ഉറക്കമുണർന്ന് പതിയെ അമ്മയ്ക്കടുത്തെത്തി. "എന്താ അമ്മ ഈ നട്ടപതിരാക്ക് ഏട്ടൻ വന്നൊന്നുമില്ല  കൊല്ലം ആറായി എവിടെയാണെന്നറിഞ്ഞിട്ട് .  അമ്മ വന്നു കിടന്നെ". അമ്മ കണ്ണീർ തുടച്ച് മകൾക്കൊപ്പം അകത്തേക്കു വന്നു. അന്ധയും വൃദ്ധയുമായ അമ്മിണിയമ്മയെ മകന്റെ വേർപാട് ഭ്രാന്തിന്റെ വക്കിലെത്തിച്ചിരുന്നു.

പണ്ടെന്നോ വീടുവിട്ട് പട്ടാളത്തിൽ പോയ ഉണ്ണിയെ അവിടുന്ന് കാണാതായതിൽപ്പിന്നെ രാവിലെ പാലും പത്രവുമായി വരുന്നവരോടും വഴിപോക്കരോടും ആ അമ്മ ഉണ്ണിയെ തിരക്കും. ഒടുവിൽ അവർ ഭ്രാന്തിയാണെന്ന് നാട്ടുകാർ പറഞ്ഞു തുടങ്ങി.

ഓരോ മാമ്പൂക്കാലത്തും അമ്മ മകളോട് ചോദിക്കും മുറ്റത്തെ ചക്കരമാവ് പൂത്തോന്ന്. ഉണ്ണി നട്ടമാവാണത് .ഉണ്ണി പോയെപിന്നെ ആ മാവ് പൂത്തിട്ടില്ല. പൂക്കാത്ത മാവ് വെട്ടിമാറ്റണമെന്ന് പലരും പറഞ്ഞതാണ്. പക്ഷെ അമ്മ സമ്മതിച്ചില്ല. മാവ് പൂക്കുന്ന കൊല്ലം മകൻ വരുമെന്നാണ് അമ്മയുടെ പക്ഷം . അന്ധയാണെങ്കിലും ആ വീട്ടിലെ എല്ലാം അമ്മയ്ക്കറിയാമായിരുന്നു. വേനൽക്കാലമായിട്ടും ഇക്കൊല്ലം രാത്രിയിൽ ശക്തമായി മഴ പെയ്യുന്നുണ്ടെന്ന് അമ്മയോട് ആശ പരാതി പറഞ്ഞു. മാവ് പൂത്ത വിവരം അന്ന് രാവിലെ ആശ അറിഞ്ഞായിരുന്നു. എന്നാൽ തന്റെ അമ്മക്ക് എന്തിനാ വെറുതെ പ്രതീക്ഷ നല്കുന്നതെന്നോർത്ത് അവൾ അത് മറച്ചു വച്ചു. ഏട്ടൻ വരില്ല എന്നായിരുന്നു അവളുടെയും നാട്ടുകാരുടെയും വിശ്വാസം .

“ ആശേ നിയ്യൊന്നു നോക്ക്യേ മാവ് പൂത്തിരിക്ക്ണ്. മാമ്പൂവിന്റെ നല്ല വാസന... നീയ്യ് കള്ളം പറയെണ്ടാട്ടേ ഇന്ന് എന്റെ മോൻ വരും തീർച്ചയാ...” അമ്മയെ എങ്ങനെ സമാധനിപ്പിക്കണമെന്നോർത്ത് ആശ നടുങ്ങി. ഏട്ടൻ വന്നില്ലെങ്കിൽ അമ്മ ഭ്രാന്തിന്റെ കയങ്ങളിൽ മുങ്ങിത്താഴും .തന്റെയുള്ളിലെ നിലവിളി പുറത്തുവരാതിരിക്കാൻ അവൾ പണിപ്പെട്ടു.

ഒടുവിൽ ആരുടെയോ കാൽപ്പെരുമാറ്റം. ആരാത് ഉണ്ണിയാണോ...? അമ്മ വിളിച്ചു ചോദിച്ചു. ഒരു പൊട്ടിക്കരച്ചിലായിരുന്നു മറുപടി....



# FEEL THE DREAM

ASIN ALICE 10A



As I wandered along with
my mind ,I found myself
As I scattered me with
the worst world I lost myself.

Blame with my pity stands
made me capture my dreams
game with the drama of life
made me aware of future



My mind wandered alone
with my terrible craze of feel
Never bowed down for problems
in a great chase heal.

Once I will catch my dreams
then they could never blame me.
Once in crowded enthusiasm
I'll share all mine to the world.

Be crazy of you and your way,
never lazy of you your sway
Be mad,wit today and tomorrow
never sad of our past and memories.

Yesterday is a feel passed you
Tomorrow is that never upto you
But make a chance today to
blot out mistakes and our sakes

Pain of fakes was with me
Chain of grace was near me
I'll catch out the holy grace
And push out the friendly fakes

Oh my feel,you was a pain
But never want to leave it

**poem**

You're the most  unwanted for brain
Though you made me alive..


I was alone in mothers womb
Alike in everywhere I'm then
I enjoyed the lonely camp
of life in the great world heaven

Oh,feelings was some thing for me
But, it decided every my moments
It made me blot out mistakes
And chase, then capture the dreams........





ചിലപ്പോൾ നിനക്ക് ശാന്തഭാവമായിരുന്നു
വേനലിൽ  ദൈന്യവും
അപ്പോൾ മണലൂറ്റുകാരും കൈയ്യേറ്റക്കാരും
പുച്ഛഭാവത്തിൽ നിന്നെ പരിഹസിച്ചു
മാനം കറുത്തു മഴ പെയ്തു തുള്ളിക്കൊരുകുടം
രൗദ്രഭാവമായിരുന്നു അപ്പോൾ നിനക്ക്
എല്ലാ തടസ്സങ്ങളെയും തട്ടിമാറ്റി
ചുറ്റുപാടുകളെ വിഴുങ്ങി  നീ മുന്നേറി!
പരിഹസിച്ചവരും മൗനം പാലിച്ചവരും
പേടിച്ചു വിറച്ചു പിന്നെ അഭയത്തിനായി നിലവിളിച്ചു
പരസ്പരം തമ്മിൽ തല്ലിയവർ
ജാതിയും മതവും പറഞ്ഞ് രസിച്ചവർ
അക്കൗണ്ടിലെ അക്കങ്ങളുടെ നീളമോർത്ത്
ജീവിതം സുരക്ഷിതമെന്ന് വ്യാമോഹിച്ചവർ
കണ്ടപ്പോൾ കണ്ടില്ലെന്ന് നടിച്ചവർ
എല്ലാവരും ഇവിടെയുണ്ട്  എന്തൊരുമ... .





# The $4^{th}$ Industrial Revolution

**R Asin Alice**


**9A**




*The industrial revolution is the transition of manufacturing process to new which makes a major point in the history. The standard of living, population rate, average income began to increase consequently by this revolution. The industrial revolution is mainly classified into three, first second and third. In the $1^{st}$ Industrial revolution water and steam engine were used for mechanizing products. Also the machinery was very simple with less production. Then the $3^{rd}$ revolution used electronics and IT technology for further automation and manufacturing.*

*Now a $4^{th}$ industrial revolution is building on the third, the digital revolution that has been occurring since the middle of last century. It is characterized by a fusion of technologies that is blurring the lines between the physical, digital and biological spheres. There are three reasons why today's transformations represent not merely a prolongation of third industrial but rather the arrival of a truth and distinct one. The speed of current break throws*

*has no historical precedent. When compared with previous industrial revolution the 4th one is involving at an exponential rather than a linier pace.  Moreover   it is disrupting almost every industry in every country.  And the breadth and depth of these changes leads to the transformation of entire systems of production, management and governance. Already artificial intelligence is all around us  from self driving cars and visual assistants and software that translate or invest impressive progress has been made in all recent years driven by exponential increases increase process has been made in all recent years driven by exponential increases in computing power and the availability of fast amount of data from software used to discover new drugs to algorithms used to predict our cultural interests.*



*As everything has interrelated merits and demerits 'Industry 4.0' has its own effects.  It will raise the global income levels, it will raise the global income levels, it will improve the quality of life for populations around the world. It helps us to access a digital world.  The new products and services increases, the effi ciency of personal lives Logistics and global supply chain will become more*

*effective. Industry 4.0 will save our time and strength .there is a few demerits also. There will be a global loss in the job sectors the job work will be overloaded. Inequality increases in our society .Cost of trade will be diminished .There will be many disruptions in the labor markets .the people who are illiterate in IT services will be back warded because “Industry 4.0” depends on IT automation ,robotics and artificial intelligence .*

*The main items of 4th industrial revolution are smart factory, Industry 4.0 and “Industrial internet of things”. Industry 4.0 helps in centralized planning, change of factory to the factory connection, automation and artificial intelligence .the 4th industrial revolution is the pact of “emerging technology breakthroughs” in the field such as artificial intelligence , robotics and internet of things automation and sensing programmers are also the part of industry4.0 depends upon IT automation robotics and artificial intelligence*

*The main terms of the 4th industrial revolution are smart factory, Industry 4.0 and (IIOT) Industrial internet of things. Industry 4.0 helps in a centralized planning, change of factory to a factory connection automation lead of governance with robotics and artificial intelligence the 4th industrial revolution is a part of emerging technology breakthrough in fields such as artificial intelligence robotics and internet of things. Automation and sensing programmers are also a part of industry 4.0. Smart manufacturing aims to take advantage of advanced information and manufacturing technologies to enable flexibility in physical processes to address a dynamic and global market. Nanotechnology is the other important part of Industrial revolution 4.0. As the physical*

*digital and biological worlds continue to converge new technologies and platforms will increasingly enable citizens to engage with governments voice with opinions coordinates their efforts and even culmoment the supervision of public authorities. Simultaneously government will gain new technological gain new technological powers to increase their control over population. On the whole however government will increasingly face pressure to change their current approach to public engagement and policy making as the central role of conducting policy dimensions to new resources of competition and the redistribution and decentralizing of power that new technologies make possible. The Industry 4.0 is expected to heavy implementation of several emerging technologies with a high potential of disruptive effects.*



# സമൂഹമാധ്യമങ്ങളും കുട്ടികളും

തേജലക്ഷ്മി 10 എ




പുസ്തകങ്ങളിലൂടയുംറേഡിയോയിലൂടെയും,പത്രങ്ങളിലൂടെയുമൊക്കെ വിജ്ഞാനം ആർജ്ജിച്ചിരുന്ന ഒരു തലമുറ ഉണ്ടായിരുന്നു. നേരായ വിദ്യ നേടി, നേരായ പാതയിൽ സഞ്ചരിച്ച് ശരിയായ ലക്ഷ്യത്തിലെത്തിച്ചേർന്ന ആ പഴയ തലമുറയുടെ കാഴ്ചപാടുകൾ ഇന്ന് ഇല്ലാതായികൊണ്ടിരിക്കുന്നു. മാറി മാറി വരുന്ന ടെലിവിഷൻ ചാനലുകളുടെ കാലവും കടന്ന് ഹൈടെക് സംവിധാനങ്ങളുള്ള മാധ്യമ സംസ്കാരത്തിലേക്ക് ഇന്ന് എത്തിയിരിക്കുന്നു നമ്മുടെ പുതു തലമുറ. ഈ കുതിച്ചു ചാട്ടം എവിടെക്കാണ്? നാം ചിന്തിക്കേണ്ടിയിരിക്കുന്നു.




സ്മാർട്ട്ഫോണും കംപ്യൂട്ടറും ലാപ്ടോപ്പുമൊക്കെ കളിപ്പാട്ടം പോലെ കൈകാര്യം ചെയ്യുന്ന ആധുനിക തലമുറയ്ക്ക് അവയില്ലാത്ത ലോകം സകല്പിക്കാൻ പോലും കഴിയില്ല. ബ്ലൂവെയിലും പബ്ജിയും പോലുള്ള അപകടകരമായ ഗെയ്മുകൾ നമ്മുടെ തലമുറയെയാണ് നശിപ്പിക്കുന്നത്. ഇത്തരം സംഭവങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ ഭാവി ആശങ്കയിലാകുന്നു,

അകലങ്ങളില്ലതാക്കുന്ന ബന്ധങ്ങളെ വളർത്തിയെടുക്കുന്ന മൊബൈൽ ഫോൺ ഇന്ന് ഒഴിച്ചുകൂടാനാവാത്ത ഒന്നായി തീർന്നിരിക്കുന്നു. ഇത്തരം സംവിധാനങ്ങൾ സമൂഹത്തിന് ആവിശ്യമാണ്. എന്നാൽ ഇതിന്റെ ദുരുപയോഗം ദൂഷ്യാനുഭവങ്ങളും നിയന്ത്രിക്കാൻ സംവിധാനങ്ങളുണ്ടായേ തീരൂ.



# അച്ഛനൊരു കത്ത്

ശ്യാലി ശശീന്ദ്രൻ



പ്രിയപ്പെട്ട അച്ഛന്,

അച്ഛന് സുഖമെന്ന് കരുതട്ടെ. അവിടെ എന്തൊക്കെയാ വിശേഷങ്ങൾ. ഇവിടെ കാര്യമായ വിശേഷങ്ങൾ ഒന്നുമില്ല. എങ്കിലും വാർത്തകളൊക്കെ അച്ഛൻ അറിയുന്നു ഉണ്ടാവുമല്ലോ. രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും ഒക്കെ പേര് പറഞ്ഞു തമ്മിലടിക്കുന്നവരെ കുറിച്ചോർക്കുമ്പോൾ വേദന തോന്നുന്നു. എന്തൊക്കെയോ പേരിൽ പരസ്പരം കൊന്നൊടുക്കുമ്പോൾ, പരസ്പരം പഴിചാരിയും കുറ്റപ്പെടുത്തിയും നമ്മൾ സമയം കളയുമ്പോൾ, കുറ്റവാളികൾ രക്ഷപ്പെടുമ്പോൾ, നിയമം നോക്കുകുത്തിയാകുന്നു. ഇനി നമ്മുടെ സാരഥികളെ തിരഞ്ഞെടുക്കാനുള്ള അങ്കം മുറുകുന്നു. ഈ തിരക്കുകളിൽ ആരൊക്കെ ചവിട്ടിമെതിക്കപ്പെടുമെന്ന് ആർക്കറിയാം. ജനങ്ങൾക്ക് വേണ്ടി ജനങ്ങൾ തിരഞ്ഞെടുപ്പ നടത്തുമ്പോൾ ആർക്കും ജീവൻ നഷ്ടപ്പെടാതിരിക്കട്ടെ. എന്ന് പ്രാർത്ഥിക്കാം.

ഇവിടെ അടച്ചിട്ട വീടിന്റെ ഗ്രിൽസിനകത്ത് ഞാൻ ഒതുങ്ങി കൂടിയിരിക്കുന്നു. ടിവി സീരിയലുകളിൽ അമ്മ അഭയം തേടിയിരിക്കുന്നു. തൊട്ടപ്പുറത്തെ വീട്ടിൽ പോലും പോകാനുള്ള സ്വാതന്ത്ര്യം എനിക്കില്ല. അവരൊന്നും കൂട്ടുകൂടാൻ പറ്റിയവരല്ല എന്നാണ് അമ്മയുടെ പക്ഷം. അച്ഛൻ അയക്കുന്ന പണംകൊണ്ട് ജീവിതം ഇങ്ങനെ നിരങ്ങി നീങ്ങുന്നു.....

തെറ്റാണെന്ന് അറിയാം എങ്കിലും ഈ ജീവിതത്തിനിടയിൽ ഞാൻ വീണ്ടും ആഗ്രഹിക്കുകയാണ് ഒന്നുകൂടി ആ പ്രളയം വന്നിരുന്നെങ്കിലെന്ന്.ആ പ്രളയകാലം മനസ്സിൽനിന്ന് മാഞ്ഞിട്ടില്ല. നമ്മുടെ വീടും പരിസരവുമെല്ലാം മഴവെള്ളപ്പാച്ചിലിൽ മുങ്ങിപ്പോയി. ആരൊക്കെയോ ചേർന്ന് എന്നെയും അമ്മയെയും രക്ഷപ്പെടുത്തി സ്കൂളിലെ ക്യാമ്പിൽ എത്തിച്ചു. ജീവിതത്തിൽ സ്നേഹവും പരിഗണനയും ഒക്കെ ഞാനാദ്യമായി അനുഭവിക്കുകയായിരുന്നു.. ഒരുപാട് പരിമിതികൾക്കുള്ളിൽ ആണ് ക്യാമ്പ് പ്രവർത്തിച്ചിരുന്നത്. എങ്കിലും ഒരുമയുടെയും പരസ്പര സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും സുഖം അവിടെ ഉണ്ടായിരുന്നു. എല്ലാവരും ഒന്നായിരുന്നു. ഒരേ ഭക്ഷണം കഴിച്ച് അതിർവരമ്പുകളില്ലാതെ മുന്നോട്ടുപോയി. കുട്ടികളെല്ലാം വളരെ വേഗം കൂട്ടുകാരായി കളിച്ചു രസിച്ചു.. ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ നിമിഷങ്ങൾ ആയിരുന്നു ദുരിതാശ്വാസ ക്യാമ്പിൽ എന്ന് ഞാനോർക്കുന്നു..



സമ്പന്നരെന്നോ, ദരിദ്രരെന്നോ വേർതിരിവുകളില്ലതെ, ജാതിമത വ്യത്യാസങ്ങൾ ഒന്നും ഇല്ലാതെ ഏകോദരസഹോദരങ്ങളെപ്പോലെ ജീവിക്കാൻ പഠിപ്പിച്ച നല്ല നാളുകളാണ് പ്രളയകാലം എന്ന് എനിക്ക് തോന്നുന്നു. പക്ഷേ പ്രളയം പെയ്തൊഴിഞ്ഞപ്പോൾ. എല്ലാം പഴയ രൂപത്തിൽ ആയി. അഹങ്കാരത്തിന്റെ പണക്കൊഴുപ്പിന്റെ ജാതിമത ചിന്തകളുടെ കാണാച്ചരടുകൾ വീണ്ടും ജീവിതത്തെ വരിഞ്ഞു മുറുക്കുന്നു. കൊലക്കത്തികൾ സഹോദരന്റെ ചോരയിൽ നനയുന്നു. പറ്റാത്ത കണ്ണുനീരുമായി അമ്മയും അച്ഛനും സഹോദരങ്ങളും ഭാര്യയും മക്കളും എല്ലാം വിലപിക്കുന്നു..എന്തൊക്കെയോ നേടാനുള്ള നെട്ടോട്ടം വീടും തുടങ്ങുകയായി. അനുഭവങ്ങളിൽനിന്ന് മനുഷ്യർ ഒന്നും പഠിക്കുന്നില്ലല്ലോ!!! കൂടെയുണ്ടായിരുന്നവരെ തട്ടിമാറ്റിയും ചവിട്ടിമെതിച്ചും സ്വയം ജയിക്കാൻ മത്സരിക്കുന്നു. ഒരു നിമിഷം കൊണ്ട് അവസാനിക്കുന്ന ജീവിതത്തെ ആരും ഓർക്കുന്നില്ല. ഇനിയുമൊരു പ്രകൃതി ദുരന്തം നമുക്ക് താങ്ങാനാവില്ല. സ്നേഹവും സാഹോദര്യവും കാരുണ്യവും മാനവികതയും ഒക്കെ ഇവിടെ മനസ്സുകളിൽ നിറയാൻ ആരോടാണ്

അപേക്ഷിക്കേണ്ടത്.

ഇനിയും എന്തൊക്കെയോ എഴുതാനുണ്ടെന്നു തോന്നുന്നു. എല്ലാം എഴുതുമ്പോൾ മനസ്സിന് സുഖം തോന്നുന്നു. പരീക്ഷ അടുത്തിരിക്കുന്നു. കത്ത് ചുരുക്കുകയാണ്. മറുപടി കിട്ടിയിട്ട് വീണ്ടും എഴുതാം...

ഒരുപാട് സ്നേഹത്തോടെ..അച്ഛന്റെ സ്വന്തം

ആമി



# അരുത്........




**ടീൻ ട്രീസ**

പറയുവാൻ കഴിവില്ലെനിക്കെങ്കിലും പറയുകയാണു ഞാൻ
അരുത് അരുതെൻ പ്രിയ കൂട്ടരെ അരുതരുത്


നിറയുകയാണെന്നുള്ളിൽ നിലവിളി ഉയരുന്ന സന്ധ്യകൾ
ഉറയുന്ന ദുഃഖം  തകരും കുടുംബങ്ങൾ തളരും സുമങ്ങൾ

ചെറുസുഖം തേടി നീ മദ്യത്തിനടിമയായി മാറിയാൽ
അറിയുക സുഖമല്ല ദുഃഖമാണേറുക നാശം തുടങ്ങയായ്

നിന്നച്ഛനമ്മയും ഭാര്യയും മക്കളും സോദരരൊക്കെയും
വിങ്ങും മനസ്സുമായി നില്ക്കുവതോർക്ക നീ അരുതരുത്

അകറ്റി നിർത്തീടുക പാപാന്ധകാരമാം മദ്യത്തെ
അകതാരിൽ നന്മതൻ ദീപം തെളിക്കുക തെളിയുക




WINNERS..
ARE NOT THOSE
WHO NEVER FAIL
BUT THOSE WHO
NEVER QUIT!



വഴി തിരിയാതെ ഇരുട്ടിൽ നില്ക്കുമ്പോൾ
കൂരീരിട്ടിൽ കാലിടറി വീഴുമ്പോൾ
ഇരുട്ടകറ്റി നേരു കാട്ടുന്ന വെളിച്ചമെ
നയിക്കു നിത്യവും
ഒരു ചിരാതുപോൽ വെളിച്ചമേകുവാൻ
നിറയട്ടെ നിൻ തെളിച്ചമെന്നുള്ളിൽ